# ക്വാണ്ടം ഹൈടെക്ക് ക്യു എച്ച് എം 880 ഹെഡ് ഫോൺ വിപണിയിൽ

മുംബൈ: ഉയർന്ന ഗുണനില വാരത്തിലുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങൾ സാധാരണക്കാർക്ക് താങ്ങാവുന്ന വിലയിൽ വിപണിയിൽ എത്തിക്കുന്നതിൽ പ്രമുഖരായ ക്വാണ്ടം ഹൈടെക്ക് ക്യു എച്ച് എം 880 എന്ന ബ്രാന്റിൽ പുതിയ ഹെഡ് ഫോൺ വിപണിയിലെത്തിച്ചു.

മികച്ച ശ്രവ്യസുഖം വാഗ്ദാനം ചെയ്യുന്നതോടൊപ്പം നൂതനമായ രൂപകല്പനയും ക്യു എച്ച് എം 880 ന്റെ സവിശേഷതയാണ്.

ഉയർന്നതോതിലുള്ളതയാലും ചെറിയതായാലും ശബ്ദം ചിതറി പോകാതെ കേൾക്കാൻ കഴിയുന്ന സംവിധാനമുള്ളതിനാലാണ് മികച്ച ശ്രവ്യസുഖം ഉറപ്പാക്കാൻ കഴിയന്നത്. മൊ




ബൈൽ ഫോണുകളിലും എം പി ത്രികളിലും ടാബ് ലറ്റുകളിലുമെല്ലാം ഉപയോഗിക്കാൻ കഴിയുന്ന ഒരു പിൻമാത്രമുള്ള മോഡലും ഇൻബിൽറ്റ് മൈക്കും രണ്ടുപിൻ ഉപയോഗിക്കാൻകഴിയുന്നതുമായ മോഡലുമാണ് വിപണിയിലിറക്കിയിരിക്കുന്നത്.

വളരെ ചെറിയ ശബ്ദം പോലും പിടിച്ചെടുക്കാൻശേഷിയുള്ള മൈക്കാണിതിലുള്ളത്. 423 രൂപയാണ് വില. പ്രമുഖ റിട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ പോർട്ടലുകളിലും ലഭ്യമാണ്.